ഉത്തരം

(എ) 89 ഒഴിവുകൾ നിലവിലുണ്ട്.

(ബി) സാമ്പത്തിക പരിമിതി കാരണം, പുതിയ റെയ്ഞ്ച് ഓഫീസുകൾ അനുവദിച്ചിട്ടില്ല.

എക്സൈസ് വകുപ്പിൽ പുതുതായി വാങ്ങിയ വാഹനങ്ങൾ

46 [225] *ശ്രീ. കോവൂർ കുഞ്ഞുമോൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ എത്ര പുതിയ വാഹനങ്ങൾ 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ വാങ്ങിയിട്ടുണ്ട്;

(ബി) അവ ഏതൊക്കെയാണെന്നും എത്ര രൂപ വീതം ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ 5 വാഹനങ്ങളും 2004-2005 വർഷത്തിൽ 19 വാഹനങ്ങളും എക്സൈസ് വകുപ്പ് വാങ്ങിയിട്ടുണ്ട്.

(ബി)

വർഷം	*മോഡൽ*	*ചെലവായ തുക*
2003-2004	മഹീന്ദ്രാ ജീപ്പ് (5)	16,77,684.63 രൂപ
2004-2005	ടാറ്റാ ഇൻഡിഗോ കാർ (6)	26,36,234 രൂപ
2004-2005	ടയോട്ട ക്വാളിസ് (10)	45,52,666 രൂപ
2004-2005	ഫോർഡ് ഐക്കോൺ (2)	11,19,532 രൂപ
2004-2005	ഹീറോഹോണ്ട ബൈക്ക് (1)	35,743 രൂപ

വിദേശമദ്യ വില്പനയിൽ നിന്നുള്ള വിറ്റുവരവ്

47 [226] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റേയും കൺസ്യൂമർ ഫെഡിന്റേയും ചില്ലറ വില്പനശാലകൾ വഴി 2004-2005-ൽ എത്ര വിദേശമദ്യം വില്പന നടത്തി;

(ബി) ഈ വകയിൽ എത്ര തുക വിറ്റുവരവുണ്ടായി;

(സി) വിദേശമദ്യ വില്പന വഴി 2004-2005-ൽ എത്ര തുക നികുതിയിനത്തിൽ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകൾ വഴി 65.71 ലക്ഷം കെയ്സ് വിദേശമദ്യം വിറ്റഴിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് ചില്ലറ വില്പനശാലകൾ വഴി വിറ്റ വിദേശമദ്യത്തിന്റെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഇക്കാലയളവിൽ 1467.45 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(സി) 2004-2005 കാലയളവിൽ മൊത്തം 1824.04 കോടി രൂപ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടി

48 [227] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, *ടി. പി. രാമകൃഷ്ണൻ:*
,, *പിരപ്പൻകോട് മുരളി:*
,, *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നും വൻതോതിൽ സ്പിരിറ്റ് കേരളത്തിലേക്ക് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തേക്ക് സ്പിരിറ്റ് കടത്തുന്നത് ചെക്ക് പോസ്റ്റുകളിൽ കൂടിയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനധികൃതമായി കടത്തിക്കൊണ്ടുവന്ന എത്ര ലിറ്റർ സ്പിരിറ്റാണ് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പിടിച്ചെടുത്തിട്ടുള്ളതെന്ന് പറയാമോ; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്പിരിറ്റ് കടത്തിക്കൊണ്ടു വന്ന എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്ന് പറയാമോ;

(ഡി) ചെക്കുപോസ്റ്റുകളിൽകൂടി സ്പിരിറ്റ് കടത്തുന്ന ലോറികൾ പിടിക്കപ്പെടാതെ പോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 19-6-2005-ന് തിരുവനന്തപുരത്ത് വി. ജെ. റ്റി. ഹാളിനു സമീപംവെച്ച് 15000 ലിറ്റർ സ്പിരിറ്റ് പിടിച്ചത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ഏതെല്ലാം കേസുകളിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly